
# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 26

ഹോളി ഫാമിലി ഹൈസ്കൂൾ , താബോർ.




Imagery ©2018 CNES / Airbus, DigitalGlobe, Map data ©2018 Google 200 ft

# ഗവ. ഫിഷറീസ് ഹൈസ്കൂൾ, താനൂർ

## ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സഹായകരമായ സുപ്രധാന രേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി, കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് വിദ്യാലയത്തെയും അതുൾക്കൊള്ളുന്ന പ്രദേശത്തെ ജനങ്ങളുടെ ഭൗതികവും, മാനസികവുമായ പുരോഗതിക്കായി പദ്ധതി ആസൂത്രണം ചെയ്യുക എന്നതാണ് ഈ മാസ്റ്റർ പ്ലാൻ കൊണ്ട് ഉദ്ദേശിക്കുന്നത്.

## ലക്ഷ്യങ്ങൾ

1. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് നൽകുക.
2. ഓരോ കുട്ടിയെയും ഒരു യൂണിറ്റായി കണക്കാക്കി വിവിധ മേഖലയിലുള്ള വികസനം, പാഠ്യപദ്ധതിയുടെ നിർവഹണത്തിനനുസരിച്ച് ഉന്നതതലത്തിലെത്തിക്കുക.
3. അക്കാദമിക് കലണ്ടറിൽ പൂർണ്ണത കൈവരിക്കാനുള്ള പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്യുക.
4. ഓരോ കുട്ടിയുടെ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് പഠനമുന്നേറ്റത്തിന് തുല്യ അവസരം നൽകുക.
5. കുട്ടികളുടെ അന്തർലീനമായ കായികശേഷിയും സർഗ്ഗശേഷിയും ഉയർന്ന നിലവാരത്തിലെത്തിക്കുക.
6. സമഗ്രമായ പരിരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക

7. ജാതി, മത, ലിംഗ ഭേദമന്യേ സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുക.

8. എല്ലാവിധ ചൂഷണങ്ങളിൽനിന്നും കുട്ടിയെ സംരക്ഷിക്കുക.

9. കുട്ടികൾ നാടിന്റെ സമ്പത്തും അഭിമാനവുമാണെന്ന ബോധം എല്ലാവരിലും ഉണ്ടാക്കത്തക്കവിധം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

## ഹോളി ഫാമിലി ഗേൾസ്കൂൾ, താബോർ

സ്കൂളിന്റെയും അതുൾക്കൊള്ളുന്ന സ്ഥലത്തിന്റെയും ലഘുവായ ചരിത്രം ഇവിടെ പ്രതിപാദിക്കുന്നു.

എറണാകുളം ജില്ലയിൽ ആലുവ താലൂക്കിൽ കറുകുറ്റി പഞ്ചായത്തിന്റെ വടക്ക് കിഴക്ക് ഭാഗത്തുള്ള പ്രദേശമാണ്. താബോർ ഉൾപ്പെടുന്ന കറുകുറ്റി ഏറെക്കുറെ ഉയരമുള്ള പ്രദേശമായി കണക്കാക്കുന്ന ഇതിന് സമീപമാണ് പ്രശസ്തമായ അതിരപ്പിള്ളി- വാഴച്ചാൽ വെള്ളച്ചാട്ടങ്ങളും ഡ്രീം വേൾഡ് സിൽവർ സ്റ്റോം വാട്ടർ തീംപാർക്കുകളും അങ്കമാലി റെയിൽവേ സ്റ്റേഷനിൽ നിന്നും 14 km സഞ്ചരിച്ചാൽ കറുകുറ്റി വഴി താബോറിലെത്താം.

ചരിത്രപരമായ തെളിവുകൾ പരിശോധിച്ചാൽ കൊച്ചി രാജവംശത്തിലെ അംഗങ്ങളായ കോടശ്ശേരി കർത്താക്കന്മാരുടെ ഉടമസ്ഥതയിലായിരുന്നു ഈ പ്രദേശങ്ങൾ ഏറെയും. ഇവരിൽ നിന്നും ഈ ദേശങ്ങൾ മംഗലശ്ശേരി ഇല്ലക്കാരും അവരിൽ നിന്നും തിരുവിതാംകൂറിൽ നിന്നും കുടിയേറിയ കർഷകർക്കും ലഭിച്ചതായി റിക്കാർഡുകളിൽ കാണുന്നത്.

[illegible] നമ്പൂതിരിമാരുടെയും തുടർന്ന് ക്രിസ്ത്യാനികളായ കർഷകരുടെയും ആശ്രിതരായി മധ്യപ്രദേശങ്ങളിൽനിന്നും കുടിയേറിയ ചെറുകിട കർഷകരും കർഷകത്തൊഴിലാളികളുമാണ് ഇവിടെയുള്ളവർ. താരതമ്യേന ആദിവാസംസ്കാരമുള്ള ഈ പ്രദേശത്തെ പ്രാദേശിക ജനത ഏറെയും പിന്നോക്ക വിഭാഗക്കാരായിരുന്നു. എന്നതിന് വ്യക്തമായ തെളിവുകളായി അവരുടെ കുടുംബങ്ങളും ക്ഷേത്ര ആചാരങ്ങളും നിലനിൽക്കുന്നു. കുടിയേറിയവരിൽ ഏറെയും ക്രൈസ്തവരും ഹിന്ദുക്കളുമായ ജനസമൂഹത്തിനാൽ അവർക്കുവേണ്ടി സ്ഥാപിച്ച പള്ളികളും ദേവാലയങ്ങളും ഇവിടെയുണ്ട്.

ക്രൈസ്തവർക്കുവേണ്ടി സ്ഥാപിച്ച തിരുഹൃദയ ദേവാലയത്തിന്റെ സ്ഥാപകനും മാനേജർ എന്ന നിലയിലും ചേർന്ന് നാലോൾ ഗോത്രജ്യോതി പള്ളിയും പള്ളിയോട് ചേർന്ന് ഗോത്രജ്യോതി U.P സ്കൂളും നിലവിൽ വന്നു. തുടർന്ന് 1983-ൽ ഗോത്രജ്യോതി ഹൈസ്കൂൾ നിലവിൽ വന്നു. ദൂരെ പ്രദേശങ്ങളിൽ നിന്നും എത്തിയവരായിരുന്നു ഗോത്രത്തിലെ ആദ്യത്തെ കുട്ടികൾ.

നേട്ടങ്ങൾ

1986-ൽ എസ്. എസ്. എൽ. സി പരീക്ഷയിൽ 100% വിജയം കൈവരിച്ച ഈ വിദ്യാലയത്തിന് 90-95 കാലഘട്ടത്തിൽ വിജയശതമാനം കുറഞ്ഞുവെങ്കിലും തുടർന്ന് വിജയശതമാനം 80% കുറയാതെ പിടിച്ചിട്ടുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളിലായി 100% വിജയം പിടിച്ചുവരുന്നു. അച്ചടക്കപ്രശ്നങ്ങൾ കുട്ടികളിൽ കാണുന്നില്ല എന്നത് അഭിമാനകരമായ ഒരു വസ്തുതയാണ്.

## ആവശ്യങ്ങൾ, പദ്ധതികൾ

1. സ്കൂൾ കെട്ടിടം, ശൗചാലയം, വെള്ളം, വൈദ്യുതി വെളിച്ചം ഉറപ്പാക്കേണ്ടത് ആവശ്യമാണ്. കെട്ടിടത്തിന്റെ വാർഷിക അറ്റകുറ്റപ്പണി. ക്ലാസ്മുറികളുടെ നവീകരണം, ശുദ്ധജല ലഭ്യത എന്നിവയ്ക്ക് സ്ഥിരംസംവിധാനവും ഉറപ്പും വരുത്തേണ്ടതുണ്ട്.

പദ്ധതികൾ, പദ്ധതിആവശ്യങ്ങൾ, ലക്ഷ്യങ്ങൾ

ലാബ് ശാക്തീകരണത്തിനുള്ള പദ്ധതി

1. നിലവിലുള്ള ലാബ് സംവിധാനം തീരെ അപര്യാപ്തമാണ്. ലാബ് സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ലാബിലേക്കുവേണ്ട സാമഗ്രികൾ വാങ്ങണം.
2. Water connection ഉറപ്പുവരുത്തണം.
3. ലാബ് സാമഗ്രികളുടെ സുരക്ഷിതത്വം ഉറപ്പാക്കണം.
4. ആധുനിക സൗകര്യങ്ങളുള്ള പരീക്ഷണങ്ങൾക്ക് അധ്യാപകർതന്നെ മുൻകൈയെടുക്കണം. പരീക്ഷണങ്ങൾ കുട്ടികളെക്കൊണ്ട് ചെയ്യിക്കുവാൻ പാടില്ല
5. ICT സാധ്യത ഉപയോഗപ്പെടുത്തി ആധുനിക സാധ്യതയുള്ള പരീക്ഷണങ്ങൾ കുട്ടികൾക്ക് വിശദീകരിച്ചുകൊടുക്കണം
6. ശാസ്ത്ര അഭിരുചിയുള്ള കുട്ടികൾക്ക് വിവിധ മോഡലുകൾ, സെമിനാറുകൾ, പ്രോജക്ടുകൾ എന്നിവ തയ്യാറാക്കുവാൻ അവസരം നൽകണം.
7. സമീപത്തുള്ള വ്യവസായസ്ഥാപനങ്ങൾ സന്ദർശിക്കാനുള്ള അവസരം നൽകണം
8. ശാസ്ത്രമാസികകൾ വായിക്കുവാൻ അവസരം നൽകണം

9. സയൻസ് ക്വിസ്, സയൻസ് മാസിക തയ്യാറാക്കൽ എന്നിവ സംഘടിപ്പിക്കാറുണ്ട്.

10. ഓരോ ക്ലാസിലും സയൻസ് കോർണർ രൂപീകരിക്കാറുണ്ട്.

## ജൈവവൈവിധ്യ ഉദ്യാനം

1. നിലവിൽ ജൈവ വൈവിധ്യ ഉദ്യാനത്തിന്റെ പ്രവർത്തനങ്ങൾ സ്കൂൾ പരിസ്ഥിതി ക്ലബുമായി സഹകരിച്ച് ആരംഭിച്ചിട്ടുണ്ട്. ഇത് പരിപോഷിപ്പിക്കുന്നതിനുള്ള നടപടികൾ നാടിനു പറ്റുന്ന രീതിയിൽ ഉൾപ്പെടുത്തണം. സ്വാഭാവികരീതി നിലനിർത്തുന്നതിൽ ശ്രദ്ധചെലുത്തണം. തനതായരീതിയിൽ നിലനിർത്തിയിട്ടുണ്ട്. ജീവികളുടെ ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ജലദൗർലഭ്യം പരിഹരിക്കുവാൻ മഴവെള്ള സംഭരണി, മഴക്കുഴികൾ എന്നിവ സ്ഥാപിക്കുകയും ഇവയിലെ ജലം നിയന്ത്രിതമായി ആ ഭാഗത്തേക്ക് എത്തിക്കുകയും വേണം. ജലസസ്യങ്ങൾ, ജലജീവികൾ എന്നിവയെ ഭാഗികമായി ഉൾപ്പെടുത്താവുന്നതാണ്. ഔഷധസസ്യങ്ങൾ നട്ടുപിടിപ്പിക്കാവുന്നതാണ്. ഈ പ്രദേശത്തെ പരമ്പരാഗത നാട്ടറിവുകൾ പ്രയോജനപ്പെടുത്താം. വലിയ മരങ്ങൾക്ക് ശാസ്ത്രനാമ ഫലകങ്ങൾ തയ്യാറാക്കാവുന്നതാണ്.

## ക്ലബ് പ്രവർത്തനങ്ങൾ: ദിനാചരണങ്ങൾ, പരിസര അന്വേഷണം

1. നിലവിൽ പരിസ്ഥിതി ക്ലബ്, സയൻസ് ക്ലബ്, ഗണിത ശാസ്ത്ര ക്ലബ്, ഐ.ടി ക്ലബ്, സാമൂഹ്യശാസ്ത്ര ക്ലബ്, ലഹരി വിരുദ്ധ ക്ലബ് എന്നിവ പ്രവർത്തിച്ചു വരുന്നു. വിദ്യാരംഗം കലാസാഹിത്യവേദി, JRC, NGC എന്നിവ ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ

ദിനാചരണം, വിവിധ ദേശീയ ആഘോഷങ്ങൾ, സ്വാതന്ത്ര്യ ദിനം, റിപ്പബ്ലിക് ദിനം എന്നിവ ഉൾപ്പെടുന്നു. ഇവർക്ക് പൊതുജനങ്ങളുമായി ഇടപെടുന്നതിന് കൂടുതൽ സാഹചര്യം ഉണ്ടാക്കേണ്ടതുണ്ട്. സ്കൂൾ മാഗസിൻ നിർമ്മിക്കൽ, പരിസ്ഥിതിപരമായ അറിവുകൾ നൽകുന്ന ലേഖനങ്ങൾ, ഡോക്യുമെന്ററി നിർമ്മാണം എന്നിവ അധികപ്രവർത്തനങ്ങളായി ഉൾപ്പെടുത്താം. നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി പദ്ധതികളെ നടപ്പിലാക്കുവാൻ സമൂഹത്തിലെ പരിചയസമ്പന്നരായ തൊഴിലാളികൾ, എഴുത്തുകാർ, ഡോക്ടർമാർ, നാടറിയുന്ന വ്യക്തികൾ എന്നിവരെ കണ്ടെത്തണം. സാമൂഹിക പങ്കാളിത്ത പ്രവർത്തനങ്ങൾ സ്കൂൾ ഫണ്ട് ഉപയോഗിച്ച് നടത്താവുന്നതാണ്. പ്ലാസ്റ്റിക് രഹിത വിദ്യാലയത്തിന് പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തുവാൻ സാധിച്ചിട്ടുണ്ട്.

2. റെഡ് ക്രോസിന്റെ ആഭിമുഖ്യത്തിൽ സേവനപ്രവർത്തനങ്ങൾ കൂടുതൽ നടത്തേണ്ടതുണ്ട്. പൊതുജനസേവനം നിർബന്ധിതമാക്കി കൃത്യനിർവ്വഹണം നടത്തുവാനും സാഹചര്യം ഉണ്ടാകണം.

3. സ്കൂൾ കെട്ടിടത്തിന്റെ സുരക്ഷ ഉറപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഇതിനായി P.D അക്കൗണ്ടിൽ നിന്നും നിശ്ചിത തുക മാറ്റിവച്ച് കുട്ടികൾക്ക് Water purifier സ്ഥാപിക്കേണ്ടത് ആവശ്യമാണ്.

4. സ്ത്രീശാക്തീകരണം, സ്ത്രീ സുരക്ഷ എന്നിവയിൽ അധ്യാപകർക്ക് വേണ്ട പരിശീലനവും സഹായവും ലഭിക്കേണ്ടതാണ്.

5. അധ്യാപക പരിശീലനം, ആവശ്യമായ പഠന, ജോലി സൗകര്യങ്ങളും എന്നിവ ഉറപ്പാക്കുന്നതിലൂടെ അധ്യാപകരെ വെല്ലുവിളികൾ ഏറ്റെടുക്കുവാൻ പ്രാപ്തരാക്കണം.

മേഖല - ഹൈസ്കൂൾ - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | രീതി | ചുമതല |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം (ആഗസ്റ്റ് സെപ്റ്റംബർ) | ചാർട്ടുകൾ ചിത്രങ്ങൾ | പി.ടി.എ. അധ്യാപകർ |
| 2. കുട്ടികളെ മികച്ച വായനക്കാരാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. വായനോത്സവം സംഘടിപ്പിക്കൽ<br>4. പത്രവായന<br>5. വായനാനുഭവം<br>6. വായനക്കുറിപ്പ് പതിപ്പ്<br>7. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>8. ദിനാചരണം<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>10. ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വായനക്കുറിപ്പ്<br>11. അനുബന്ധ വായന<br>12. ഇ - വായന | 6 മാസം | ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി പത്രങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഇന്റർനെറ്റ് ഉപയോഗിച്ച് | പി.ടി.എ. അധ്യാപകർ |

| | ക്ലബ്ബുകൾ - മലയാളം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതിക. | ചുമതല |
| 3 കുട്ടികളെ മികച്ച വായനക്കാരാക്കുക | 1. വായനക്കൂട്ടം രൂപീകരണം<br>2. പുസ്തകചർച്ച<br>3. വായനക്കുറിപ്പ്<br>4. വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടൽ | 6 മാസം | ലൈബ്രറി പുസ്തകങ്ങൾ | മലയാള അധ്യാപകർ |
| 4. സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കൽ<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു | 6 മാസം (ജൂലൈ-ഡിസംബർ) | ഓഡിയോ വീഡിയോ | അധ്യാപകർ |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| അടിസ്ഥാനക്രിയകൾ ഉറപ്പിക്കൽ | വിവിധ വർക്ക്ഷീറ്റുകൾ (+, −, ×, ÷) തയ്യാറാക്കി കൊടുക്കുന്നു. | ജൂൺ | പിന്നോക്കം നിൽക്കുന്ന കുട്ടികൾ, അധ്യാപിക. | |
| നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | വിവിധ രൂപങ്ങൾ അളവുകൾ കൊടുത്ത് വരപ്പിക്കുന്നു. | ജൂലൈ | അധ്യാപിക. | |
| കുസൃതികണക്കുകൾ Puzzles | കുട്ടികളെ ചിന്താശേഷി വർധിപ്പിക്കാനുള്ള പ്രവർത്തനങ്ങളിലേക്ക് നയിക്കുന്നു | ആഗസ്റ്റ് | അധ്യാപിക | |
| ഗണിതമാസിക തയ്യാറാക്കൽ | വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മാസിക തയ്യാറാക്കുന്നു. | സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ | അധ്യാപിക. | |
| | | | | |

# മേഖല - ഹൈസ്കൂൾ - സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. അത്ഭുത കണ്ണിലൂടെ :- കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ കാണിച്ചു കൊടുക്കുന്നു. കുട്ടികൾ മോഡലുകൾ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപിക |
| 2. ശാസ്ത്രലോകത്തേക്ക്:- അന്വേഷണം നടത്തുന്നതിനും വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപിക |
| 3. ഹൈടെക് വേൾഡ്:- മാനവികതയിൽ ഊന്നിയ ശാസ്ത്രബോധം വളർത്തുക | സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപിക |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 4. | ആയുർരേഖ :- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും നിർമിക്കൽ | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്, ഹരിത സേന |
| | | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത കാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ് |
| 5. | വൈജ്ഞാനിക സംഫിൽസ്ഫുരണം | പുതുപുത്തൻ സാങ്കേതികവിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ് |

ഹിന്ദി

| ...ങ്ങൾ | കാലം | ചുമതല | |
|---|---|---|---|
| ...പാഠങ്ങൾ ...ചോദി ...ുന്നു ഹിന്ദി ...ള്ള മനസ്സി ...ടുത്ത് പഠിപ്പിക്കൽ | ജൂൺ | മുന്നോക്കം നിൽക്കുന്ന കുട്ടികൾ, ഹിന്ദി അധ്യാപിക | |
| ...പുസ്തക വായിച്ച് ...ഗത്തിലേക്ക് ...ിക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക | |
| ..., കവിത ...ന്നിവയും ...ൽകുന്നു. | ജൂലൈ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക | |
| ...ാം ക്ലാസ്സുകളിൽ ...ുന്നു. കുട്ടികളുടെ ...ല അവശ്യങ്ങൾ ...ന്നോ ചോദി | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക | |

ഹിന്ദി

| ...ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ...ക്ഷരങ്ങളുടെ ...ഉറപ്പിക്കൽ | പുതിയ പാഠങ്ങൾ പദ്യങ്ങൾ ചൊല്ലി അതിൽവരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കൽ | ജൂൺ | മുന്നോക്കം നിൽക്കുന്ന കുട്ടികൾ, ഹിന്ദി അധ്യാപിക |
| ...ന്ദി വായന ...കൾ കൂടാതെ ...ന്ദി വായിക്കാൻ ...ളുടെ പരിശീലനം ചെയ്യൽ | നിരന്തര പുസ്തക വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക |
| ...ട്ട രചനകളോ ...അഭിരുചി ...ദ്ധിപ്പിക്കുന്നു. | കഥാവായന, കവിത വായന ഒരുക്കിവച്ച് അവസരം നൽകുന്നു. | ജൂലൈ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക |
| ...ന്ദി സംസാരം ...ദിയിൽ സംസാരി ...വരുള്ള കഴിവ് ...ത്തിയെടുക്കൽ. ...ഭാഷപോലെ ഹിന്ദിയും ...ഒരു ഭാഷകൂടിയാ... ...ളാൻ ബോധ്യമാക്കൽ. | ഹിന്ദി മാത്രം ക്ലാസ്സുകളിൽ ഉപയോഗിക്കുന്നു. കുട്ടികളുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക |

ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| അക്ഷരബോധം ഉറപ്പിക്കൽ | പുതിയ പാഠങ്ങൾ പദ്യങ്ങൾ ചൊല്ലി അതിൽവരുന്ന ഹിന്ദി അക്ഷരങ്ങളും മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കൽ | ജൂൺ | ശ്രദ്ധാകേന്ദ്രം നിൽക്കുന്ന കുട്ടികൾ, ഹിന്ദി അധ്യാപിക |
| ഹിന്ദി വായന തെറ്റു കൂടാതെ ഹിന്ദി വായിക്കാൻ വാക്കുകളും പരിശീലനം ചെയ്യൽ | നിരന്തരം പുസ്തകം വായിച്ച് ശീലിപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക |
| സാഹിത്യരചനയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥാവായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | ജൂലൈ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക |
| ഹിന്ദി സംസാരം ഹിന്ദിയിൽ സംസാരിക്കുവാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കൽ. മാതൃഭാഷപോലെ ഹിന്ദിയും നിർഭയമായി കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കൽ. | ഹിന്ദി മാത്രം ക്ലാസുകളിൽ ഉപയോഗിക്കുന്നു. കുട്ടികളുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക |

മേഖല - ഹൈസ്കൂൾ - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | കാടും മേടും :- ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>വയൽ കിളികൾ :- സാമൂഹ്യശാസ്ത്രത്തിൻ്റെ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. | 'സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | ഒന്നായി നമ്മൾ :- സ്കൂൾ പാർലമെൻ്റ്, മോക്ക് പാർലമെൻ്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ സുമനസുകൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | സ്റ്റാർട്ട് അപ്പ് :- സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. അത്ഭുത കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | PTA മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക | ചരിത്രം ഉറങ്ങുന്ന വഴികളിലൂടെ :- സർവ്വേ, പ്രോജക്ട്, ചർച്ചകൾ, സംവാദം ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 4) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | പട്ടുപാതയിലൂടെ :- ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രോഗ്രാം പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 5) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | വൈ ന്നിവ റു :- സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെ കുറിച്ച് ധാരണ നൽകുക. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | ചരിത്ര കൂട്ടം :- വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ രൂപീകരണം. കൂടാതെ കണ്ടും തൊട്ടറിഞ്ഞും പഠനം രസകരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |